INDIAN SCHOOL DARSAIT
TERM I-SEPTEMBER2018
HALF YEARLY EXAMINATION
MALAYALAM

Class: V Sec: ....
Date: 27-9-18
Name: ..................................

Max.Marks:50
Time: 2hrs
Roll No:.........

General Instructions

1. All the questions are compulsory
2. Answer all questions in a separate paper

Q.I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. 5 X 1 = 5

കണ്ണു തെറ്റിയാൽ ആളെത്തന്നെ അടിച്ചു കൊണ്ടു പോകുന്ന ഒരു കള്ളൻ അന്നാട്ടിലുണ്ടായിരുന്നു. അയാൾ ഒരിക്കലെങ്കിലും കയറി എന്തെങ്കിലും മോഷ്ടിക്കാത്ത ഒരു വീടുപോലും അവിടെ ഉണ്ടായിരുന്നില്ല. ഈ കള്ളൻ ഒരുനാൾ വനത്തിലൂടെ എങ്ങോട്ടോ പോവുകയായിരുന്നു. വനാതിർത്തിയിലെ ഒരു പൊട്ടക്കിണറിനടുത്തെത്തിയപ്പോൾ ഒരു ചെറുക്കൻ കിണറ്റിനരികിൽ നിന്ന് കരയുന്നത് അയാൾ കണ്ടു .അവന്റെ കാതിൽക്കിടന്ന വൈരക്കടുക്കനിൽ കള്ളന്റെ ശ്രദ്ധ പതിഞ്ഞു. എങ്ങനെയെങ്കിലും അത് സ്വന്തമാക്കണമെന്നു നിനച്ച് അയാൾ അവന്റെ അടുത്തേക്ക് ചെന്ന് എന്തിനാണു കരയുന്നതെന്നു ചോദിച്ചു. "എന്റെ കഴുത്തിൽ അച്ഛൻ ഇട്ടു തന്ന ഒരു സ്വർണ്ണമാല ഉണ്ടായിരുന്നു. കിണറ്റിലേക്ക് എത്തിനോക്കിയപ്പോൾ മാല അറിയാതെ കിണറ്റിലേക്കു വീണു പോയി. അതില്ലാതെ വീട്ടിൽ ചെന്നാൽ അച്ഛൻ പൊതിരെ തല്ലും. അതുകൊണ്ട് കിണറ്റിൽ ഇറങ്ങി മാലയൊന്ന് എടുത്തു തരുമോ?"-ഏങ്ങിക്കരഞ്ഞുകൊണ്ട് അവൻ പറഞ്ഞു. അതു കേട്ടതും കള്ളന്റെ മുഖം തെളിഞ്ഞു.

a) കള്ളന്റെ പ്രത്യേകത എന്തായിരുന്നു?
b) കുട്ടി എവിടെയാണ് കരഞ്ഞുകൊണ്ടു നിന്നത്?
c) കള്ളന്റെ ശ്രദ്ധ പതിഞ്ഞതെന്തിലാണ്?
d) ആരാണ് കുട്ടിക്ക് സ്വർണ്ണമാല നൽകിയത്?
e) കള്ളന്റെ മുഖം തെളിഞ്ഞതെപ്പോൾ?

Q.II ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 4X½ = 2

a) കഥ കേട്ടുറങ്ങാം എന്ന കൃതി രചിച്ചതാരാണ്?
(സുഗതകുമാരി , സുമംഗല, കുമാരനാശാൻ)
b) ബാലാമണിയമ്മയുടെ പ്രശസ്തമായ ഒരു കൃതിയേത്?
(വീണപൂവ്, കളിക്കൊട്ട , പ്രമോദനം)
c) 'കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ' ആര്?
(തത്തകൾ, കുയിലുകൾ , തേനീച്ചകൾ)
d) 'അവസാനം ആ രഹസ്യം അദ്ദേഹം രാജാവിനോട് പറഞ്ഞു'.ആര്?
(മന്ത്രി, സഭാവാസി, രാജഗുരു)

Q.III അർഥമെഴുതുക 4X ½= 2

a) ജനനി b) തൊടി c) ഭവനം d) ഉല്ലാസം

Q.IV രണ്ടു പര്യായപദം വീതം എഴുതുക 3X 1= 3

a) പർവ്വതം b) നക്ഷത്രം c) വസ്ത്രം

Q.V വിപരീതപദമെഴുതുക 4X ½= 2

a) ശക്തം b) അഹങ്കാരം c) പണ്ഡിതൻ d) രഹസ്യം

Q.VI പിരിച്ചെഴുതുക 4X ½= 2

a) തമ്മിൽത്തമ്മിൽ b) പാടിയാടി
c) കാറ്റുലയ്ക്കും d) ശക്തമാക്കി

Q.VII നാനാർത്ഥം എഴുതുക 2X 1= 2

a) മുള b) വർഷം

Q.VIII വാക്യത്തിൽ പ്രയോഗിക്കുക 2X 1= 2

a) ശകാരിച്ചു b) സംരക്ഷിക്കുക

Q. IX അർത്ഥവ്യത്യാസം എഴുതുക 2X 1= 2

a) അന്തി-അന്ത്യം b) കാലം-കോലം

Q.X സർവ്വനാമം ചേർത്ത് പൂരിപ്പിക്കുക 3X½= 1½

a) രാഹുൽ സമർത്ഥനാണ്.-----------എല്ലാത്തിലും ഒന്നാമനാണ്

b) കുട്ടികൾ ഓടിക്കളിച്ചു--------------ക്ഷീണിച്ച് അവശരായി.

c) നീരജ പുതിയ ഉടുപ്പു വാങ്ങി.--------------- വളരെ ഭംഗിയുള്ളതാണ്.

Q.XI നാമം,ക്രിയ,നാമവിശേഷണം,ക്രിയാവിശേഷണം ഇവ വേർതിരിച്ചെഴുതുക 7X½= 3½

a) ആതിര ഭംഗിയുള്ള ചിത്രം വരച്ചു.

b) രാധിക ഉറക്കെ ചിരിച്ചു.

Q.XII പാഠപുസ്തകത്തിലെപ്പോലെ പൂരിപ്പിക്കുക. (ആറു വരി) 1X 3= 3

a) പൂക്കുന്നിതാ--------വായു.

Q.XIII ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക 4X 1= 4

a) ശ്രീകൃഷ്ണൻെറ ഗുരുനാഥൻെറ പേരെന്ത്?

b) പുഷ്പഗന്ധം പരത്തുന്നതാര്?

c) പുഴ ആരംഭിച്ചിരുന്നതെവിടെ നിന്നായിരുന്നു?

d) തൊട്ടിലാട്ടുന്ന അമ്മയെ തട്ടി നീക്കിയതാരാണ്?

6X½= 3

Q.XIV ശരിയായ അക്ഷരം തെരഞ്ഞെടുത്തെഴുതുക.

a) മ ----- (ന്തം,ന്ദം ) b) വാ -----യനം (ദാ,താ)

c) സാവ ------നം (ധാ,ദാ) d) ഉ ----സ്സ് (ശ,ഷ)

e) യാ---- ക്കുക (ചി, ജി) f) ആഡം------രം (ബ,ഭ )

Q.XV ഉത്തരമെഴുതുക 3X 2= 6

a) നാടിൻെറ രക്ഷയ്ക്കായി കണ്ടെത്തിയ വഴികളെന്തൊക്കെ?

b) കൃഷ്ണൻെറയും സുദാമൻെറയും കഥ നല്കുന്ന പാഠങ്ങളെന്തൊക്കെയാണ്?

c) ഉറങ്ങിക്കിടക്കുന്ന കുട്ടിയെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത്?

Q.XVI ഒറ്റവാക്യമാക്കുക 2X 1= 2

a) ശക്തമായ കാറ്റും മഴയും ഉണ്ടായി . മരങ്ങൾ കട പുഴകി.
b) അഖിൽ പാഠം വായിച്ചു. നിഖിൽ പാഠം വായിച്ചു.

Q.XVII ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് അഞ്ചുവാക്യത്തിൽ കുറയാതെ എഴുതുക. 1X 5= 5

ജലമലിനീകരണം OR മിന്നുന്നതെല്ലാം പൊന്നല്ല